കേരള സർക്കാർ
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരൂർ നഗരസഭ - സാനിട്ടേഷൻ വർക്കർ ശ്രീ.റ്റി.ധർമ്മരാജന്റെ ചികിത്സാ സംബന്ധമായ ചെലവ് റീഇംബേഴ്സ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

=======================================================================

**തദ്ദേശ സ്വയംഭരണ (ഇ യു) വകുപ്പ്**

സ.ഉ.(സാധാ) നം. 2745/2015/തസ്വഭവ. തീയതി, തിരുവനന്തപുരം, 10.09.2015

=======================================================================

പരാമർശം:-
1. ശ്രീ. റ്റി. ധർമ്മരാജന്റെ 28.01.2014-ലെ അപേക്ഷ.
2. തിരൂർ മുനിസിപ്പൽ കൗൺസിലിന്റെ 10.09.2014-ലെ 1-ാം നമ്പർ തീരുമാനം.
3. നഗരകാര്യ ഡയറക്ടറുടെ 07.05.2014-ലെ ഡി.സി.1/21462/2014 നമ്പർ കത്ത്.

**ഉത്തരവ്**

തിരൂർ നഗരസഭയിൽ സാനിട്ടേഷൻ വർക്കറായി സേവനമനുഷ്ഠിച്ചു വരുന്ന ശ്രീ. റ്റി. ധർമ്മരാജന്റെ ഹൃദയസംബന്ധമായ അസുഖത്തിന് സി.എം.ഇ.എസ്. മെഡിക്കൽ കോളേജ് പെരിന്തൽമണ്ണ എന്ന സ്വകാര്യ ആശുപത്രിയിൽ ചികിത്സ നടത്തിയതിൽ ചെലവായ 93,492/- രൂപ റീ ഇംബേഴ്സ് ചെയ്തു ലഭിക്കുന്നതിനായി പരാമർശം (1) പ്രകാരം അപേക്ഷിച്ചിരുന്നു. മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസറുടെ വെരിഫിക്കേഷൻ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ റ്റി. ധർമ്മരാജന് മെഡിക്കൽ റീ ഇംബേഴ്സ്മെന്റിനത്തിൽ പരാമർശം (2) ലെ കൗൺസിൽ തീരുമാന പ്രകാരം 93,492/- രൂപ, പരാമർശം (3) പ്രകാരം നഗരകാര്യ ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശമായി പരിശോധിച്ചു ശ്രീ.റ്റി. ധർമ്മരാജന് ഹൃദയസംബന്ധമായ അസുഖത്തിന് സ്വകാര്യ ആശുപത്രിയിൽ ചികിത്സ നടത്തിയതിന് ചെലവായ തുകയിൽ മെഡിക്കൽ റീഇംബേഴ്സ്മെന്റിന് അർഹതയുണ്ടെന്ന് മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയ 93,492/- രൂപ (തൊണ്ണൂറ്റിമൂവായിരത്തി നാണൂറ്റി തൊണ്ണൂറ്റി രണ്ട് രൂപ മാത്രം)

പ്രസ്തുത മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത എന്നിവ നഗരകാര്യ ഡയറക്ടർ പരിശോധിച്ച് ഉറപ്പു വരുത്തിക്കൊള്ളണമെന്ന വ്യവസ്ഥയിലും ടി തുക തിരൂർ നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും വിനിയോഗിക്കണമെന്ന വ്യവസ്ഥയിലും ഇതൊരു പ്രത്യേക കേസായി പരിഗണിച്ച് കേരള ഗവൺമെന്റ് എംപ്ലോയീസ് മെഡിക്കൽ അറ്റന്റൻസ് റൂൾസ് 1960 പ്രകാരം റീ ഇംബേഴ്സ് ചെയ്തു നൽകുന്നതിന് നഗരകാര്യ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**

**സോണിയ വാഷിംഗ്ടൺ,**

**അണ്ടർ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം. (മെഡിക്കൽ ബില്ലുകൾ സഹിതം)
ശ്രീ. റ്റി. ധർമ്മരാജൻ, സാനിട്ടേഷൻ വർക്കർ, തിരൂർ നഗരസഭ.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
സെക്രട്ടറി, തിരൂർ നഗരസഭ.
ഡയറക്ടർ, ഐ.കെ.എം. (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**